REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 25-09-2024 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **ജമ്മു കശ്മീരിൽ നിയമസഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ട വോട്ടെടുപ്പ് പുരോഗമിക്കുന്നു. 6 ജില്ലകളിലെ 26 മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ്. ഹരിയാനയിൽ പ്രചാരണം ഊർജ്ജിതം.**
- **നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ രണ്ട് വൻ പദ്ധതികൾ മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഓൺലൈൻ ആയി കമ്മിഷൻ ചെയ്യും.**
- **കേരള പൊതുരേഖ ബിൽ സംബന്ധിച്ച നിയമസഭാ സെലക്ട് കമ്മിറ്റി നാളെ എറണാകുളത്തും മറ്റന്നാൾ കോഴിക്കോടും തെളിവെടുപ്പ് നടത്തും.**
- **സംസ്ഥാനത്ത് അടുത്ത ദിവസങ്ങളിൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥവകുപ്പ്.**
- **കായിക വകുപ്പിന്റെ 'ഒരു സ്കൂൾ ഒരു ഗെയിം പദ്ധതി' യ്ക്ക് സംസ്ഥാനത്ത് ഇന്ന് തുടക്കം.**
- **സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് മലപ്പുറം FC, കണ്ണൂർ വാരിയേഴ്സിനെ നേരിടും.**

## വാർത്തകൾ വിശദമായി

ജമ്മു കശ്മീരിൽ നിയമസഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ട വോട്ടെടുപ്പ് പുരോഗമിക്കുന്നു. 6 ജില്ലകളിലെ 26 മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ്. രാവിലെ ഒമ്പത് വരെ 10.22 ശതമാനമാണ് പോളിംഗ്. ആദ്യ ഘട്ടത്തിലേത് പോലെ

രണ്ടാം ഘട്ടത്തിലും ഭേദപ്പെട്ട പോളിംഗ് ഉണ്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. വൈകിട്ട് ആറ് വരെയാണ് വോട്ടെടുപ്പ്. മുൻ മുഖ്യമന്ത്രിയും നാഷണൽ കോൺഫറൻസ് വൈസ് പ്രസിഡന്റുമായ ഒമർ അബ്ദുള്ള, ജെകെപിസിസി അധ്യക്ഷൻ താരിഖ് ഹമീദ് കർറ, BJP ജമ്മു കശ്മീർ അധ്യക്ഷൻ രവീന്ദർ റെയ്ന തുടങ്ങിയവർ ഇന്ന് ജനവിധി തേടുന്ന പ്രമുഖരിൽ പെടുന്നു.

മൂന്ന് ഘട്ടങ്ങളിലായാണ് ജമ്മു കശ്മീരിൽ തിരഞ്ഞെടുപ്പ് നടക്കുന്നത്. അവസാന ഘട്ടത്തിൽ 40 മണ്ഡലങ്ങളിൽ അടുത്ത ചൊവ്വാഴ്ച വോട്ടെടുപ്പ് നടക്കും.

✪✪✪

രണ്ടാം ഘട്ട നിയമസഭാ തെരഞ്ഞെടുപ്പ് നിരീക്ഷിക്കാൻ 15 രാജ്യങ്ങളിലെ മുതിർന്ന നയതന്ത്ര ഉദ്യോഗസ്ഥരുടെ ഉന്നതതല സംഘം കാശ്മീരിലെത്തി. അമേരിക്ക, മെക്സിക്കോ, ഗയാന, ദക്ഷിണകൊറിയ, സൊമാലിയ, പനാമ, സിംഗപ്പൂർ, നൈജീരിയ, സ്പെയിൻ, ദക്ഷിണാഫ്രിക്ക, നോർവേ, ടാൻസാനിയ, റുവാണ്ട, അൾജീരിയ, ഫിലിപ്പീൻസ് എന്നീ രാജ്യങ്ങളിലെ നയതന്ത്ര പ്രതിനിധികളാണ് സംഘത്തിലുള്ളതെന്ന് വിദേശകാര്യ മന്ത്രാലയം ഡൽഹിയിൽ അറിയിച്ചു.

✪✪✪

ജമ്മു കശ്മീരിലെ നിയമസഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ട വോട്ടെടുപ്പിൽ, എല്ലാ പൗരന്മാരും വോട്ട് രേഖപ്പെടുത്തി ജനാധിപത്യം ശക്തിപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അഭ്യർത്ഥിച്ചു. ആദ്യമായി വോട്ട് ചെയ്യുന്ന യുവ വോട്ടർമാർക്കും പ്രധാനമന്ത്രി സമൂഹ മാധ്യമ പോസ്റ്റിൽ അഭിനന്ദനങ്ങൾ അറിയിച്ചു.

✪✪✪

മുതിർന്ന കോൺഗ്രസ് നേതാവും ലോക്സഭയിലെ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധി ഇന്ന് ജമ്മു കശ്മീരിൽ തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യും. ജമ്മുവിൽ പ്രൊഫഷണലുകളുമായി അദ്ദേഹം ആശയവിനിമയം നടത്തും. തുടർന്ന് കോൺഗ്രസ് പ്രചാരണ റാലിയിൽ അദ്ദേഹം പങ്കെടുക്കും.

✪✪✪

അടുത്ത മാസം അഞ്ചിന് നിയമ സഭാ തിരഞ്ഞെടുപ്പ് നടക്കുന്ന ഹരിയാനയിൽ, പ്രചാരണം കൂടുതൽ സജീവമായി. പ്രധാനമന്ത്രി നരേന്ദ്ര മോദി ഗൊഹാനയിൽ ഇന്ന് തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യും.

നാളെ നമോ ആപ്പിലൂടെ പ്രധാനമന്ത്രി, ഹരിയാനയിലെ തൊഴിലാളികളുമായി ആശയവിനിമയം നടത്തും.

ആം ആദ്മി പാർട്ടി ദേശീയ കൺവീനർ അരവിന്ദ് കെജ്‌രിവാൾ റാനിയ മണ്ഡലത്തിൽ റോഡ് ഷോ നടത്തി.

ജമ്മുകശ്മീരിലും ഹരിയാനയിലും അടുത്ത മാസം എട്ടിനാണ് വോട്ടെണ്ണൽ.

✪✪✪

പണ്ഡിറ്റ് ദീൻ ദയാൽ ഉപാധ്യായയുടെ ജന്മദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ആഭ്യന്ത്രമന്ത്രി അമിത് ഷാ, രാജ്യരക്ഷാ മന്ത്രി രാജനാഥ് സിംഗ് എന്നിവർ അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു. ദീൻദയാൽ ഉപാധ്യായയുടെ അർപ്പണബോധവും സേവനവും എക്കാലവും സ്മരിക്കപ്പെടുമെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

ഏഷ്യാ പവർ സൂചികയിൽ ജപ്പാനെ മറികടന്ന് ഏഷ്യയിലെ ഏറ്റവും ശക്തമായ മൂന്നാമത്തെ രാജ്യമായി ഇന്ത്യ മാറി. കൊവിഡാനന്തരം ശക്തമായ സാമ്പത്തിക വളർച്ച ഇന്ത്യയുടെ സാമ്പത്തിക ശേഷി 4.2 പോയിന്റ് വർദ്ധിപ്പിച്ചുവെന്ന് 2024-ലെ ഏഷ്യാ പവർ ഇൻഡക്സ് റിപ്പോർട്ട് സൂചിപ്പിക്കുന്നു. ഇന്ത്യയുടെ നയതന്ത്ര സ്വാധീനവും ഉയർന്നതായി റിപ്പോർട്ടിൽ പറയുന്നു.

✪✪✪

നെടുമ്പാശ്ശേരി വിമാനത്താ വളത്തിൽ രണ്ട് വൻ പദ്ധതികൾ മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഓൺലൈൻ ആയി കമ്മിഷൻ ചെയ്യും. വിമാനത്താവള ഓപ്പറേഷണൽ മേഖലയുടെ സുരക്ഷയ്ക്കായി ഒരുക്കിയ അത്യാധുനിക ഇല്ക്ട്രോണിക് കവചവും ഇന്റർനാഷണൽ ടെർമിനലിൽ, വിസ്തൃതിയും സുഖസൗകര്യങ്ങളും വർധിപ്പിച്ച് പുതുക്കിയ ലോഞ്ചും ആണ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നത്.

ഈമാസം ഒന്നിന് കമ്മിഷൻ ചെയ്ത *0484 എയ്റോ ലോഞ്ചിൽ ഒക്ടോബർ രണ്ടാം വാരത്തോടെ ബുക്കിങ് തുടങ്ങും.

✪✪✪

കേരള പൊതുരേഖ ബിൽ സംബന്ധിച്ച നിയമസഭാ സെലക്ട് കമ്മിറ്റി നാളെ എറണാകുളത്തും മറ്റന്നാൾ കോഴിക്കോടും തെളിവെടുപ്പ് നടത്തും. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അധ്യക്ഷനായ സെലക്ട് കമ്മിറ്റി ഇടുക്കി, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിലുള്ളവർക്കായാണ്

നാളെ രാവിലെ എറണാകുളം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ തെളിവെടുപ്പ് നടത്തുന്നത്.

പൊതുജനങ്ങൾ, പുരാരേഖകളുടെ ശേഖരണവുമായി ബന്ധപ്പെട്ട വ്യക്തികൾ, സ്ഥാപനങ്ങൾ, വിദഗ്ധർ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കും.

✪✪✪

കർണ്ണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ അർജുൻ ഉൾപ്പടെ മൂന്നു പേർക്കായി തിരച്ചിൽ തുടരുന്നു. ഐബോഡ് ഡ്രോൺ പരിശോധനയിൽ ലോഹസാന്നിധ്യം കണ്ടെത്തിയ രണ്ട് സ്പോട്ടുകൾ കേന്ദ്രീകരിച്ചാണ് ഇന്നത്തെ തിരച്ചിൽ.

✪✪✪

തിരുച്ചിറപ്പള്ളി ചെന്നൈ ദേശീയപാതയിൽ നിയന്ത്രണം വിട്ട വാൻ മരത്തിലിടിച്ച് രണ്ട് സ്ത്രീകളുൾപ്പെടെ ആറ് പേർ മരിച്ചു. 14 പേർക്ക് പരിക്കേറ്റു. തൂത്തുകുടിയിൽ ക്ഷേത്രദർശനം കഴിഞ്ഞ് മടങ്ങുകയായിരുന്ന 20 പേരടങ്ങുന്ന സംഘമാണ് അപകടത്തിൽ പെട്ടത്.

✪✪✪

ആന്ധ്ര -ഒഡീഷ തീരത്തിന് സമീപം മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും വടക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും മുകളിലായി ന്യൂനമർദ്ദം രൂപപ്പെട്ടതിനാൽ കേരളത്തിൽ അടുത്ത ദിവസങ്ങളിൽ വ്യാപകമായി മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥവകുപ്പ് അറിയിച്ചു. കനത്ത മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് കാസർകോഡ്, കണ്ണൂർ, ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി.

കേരള - കർണ്ണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനു സാധ്യതയുണ്ടെന്നും മീൻപിടിത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് രാത്രി 11.30 വരെ ഉയർന്ന തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

✪✪✪

നടിയെ ലൈംഗികപീഡനത്തിന് ഇരയാക്കിയ കേസിൽ ഹൈക്കോടതി മുൻകൂർ ജാമ്യം നിഷേധിച്ചതിനെതുടർന്ന് ഒളിവിൽ പോയ നടൻ സിദ്ദിഖിന് വേണ്ടി പൊലീസ് അന്വേഷണം ഊർജ്ജിതമാക്കി. അദ്ദേഹത്തിന്റെ

ഫോണുകൾ സ്വിച്ച് ഓഫ് ചെയ്ത നിലയിലാണ്. ഹൈക്കോടതി വിധിക്കെതിരെ സിദ്ദിഖ് ഇന്ന് സുപ്രീംകോടതിയെ സമീപിച്ചേക്കും. സംസ്ഥനഗവൺമെന്റും അതിജീവിതയും സുപ്രീംകോടതിയിൽ തടസഹർജി നൽകിയിട്ടുണ്ട്.

✪✪✪

സിനിമ മേഖലയുമായി ബന്ധപ്പെട്ട വിഷയത്തിൽ നിയമം നിയമത്തിന്റെ വഴിക്ക് പോകട്ടെയെന്ന് കോൺഗ്രസ് പ്രവർത്തക സമിതിയംഗം രമേശ് ചെന്നിത്തല MLA മാധ്യമങ്ങളോട് പറഞ്ഞു. ആരും നിയമത്തിന് അതീതരല്ലെന്നും അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു.

✪✪✪

കായിക വകുപ്പിന്റെ  ഒരു സ്കൂൾ ഒരു ഗെയിം പദ്ധതിയ്ക്ക്  സംസ്ഥാനത്ത് ഇന്ന് തുടക്കം.    തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് മോഡൽ ഹയർ സെക്കണ്ടറി സ്കൂളിൽ  ഉച്ചകഴിഞ്ഞ്  സ്പോട്സ് കിറ്റ് വിതരണോദ്ഘാടനം മന്ത്രി V.അബ്ദുറഹിമാൻ നിർവഹിക്കും.

തെരഞ്ഞെടുത്ത ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിൽ ഒരു കായിക ഇനം നിശ്ചയിച്ച് ആവശ്യമായ കായികോപകരണങ്ങൾ നൽകുന്നതാണ് പദ്ധതി. കായികമേഖലയിൽ മികവ് കാണിക്കുന്ന 80 സ്കൂളുകളിൽ ആദ്യ ഘട്ടത്തിൽ നടപ്പാക്കുന്ന  പദ്ധതി പിന്നീട്  കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കും.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് മലപ്പുറം FC, കണ്ണൂർ വാരിയേഴ്സിനെ നേരിടും. രാത്രി ഏഴരയ്ക്ക് മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിലാണ് മത്സരം.

കോഴിക്കോട്ട് ഇന്നലെ നടന്ന  കാലിക്കറ്റ് FC, തൃശൂർ മാജിക്ക് FC മത്സരം സമനിലയിൽ കലാശിച്ചു.  ഇരു ടീമുകളും  രണ്ട്  ഗോൾ വീതം നേടി .

✪✪✪

ISL  ഫുട്ബാളിൽ  ഇന്ന് പഞ്ചാബ് FC,  ഹൈദരാബാദിനെ  നേരിടും. ഡൽഹിയിലെ  ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ  വൈകീട്ട്  7.30 നാണ് മത്സരം.

✪✪✪

സാഫ് അണ്ടർ 17 ചാമ്പ്യൻഷിപ്പ് ഫുട്ബോളിൽ ഇന്ത്യ സെമിഫൈനലിൽ പ്രവേശിച്ചു.    അവസാന ഗ്രൂപ്പ് A മത്സരത്തിൽ, മറുപടിയില്ലാത്ത മൂന്ന് ഗോളുകൾക്ക് ഇന്ത്യ മാലിദ്വീപിനെ പരാജയപ്പെടുത്തി. ശനിയാഴ്ച  നടക്കുന്ന

ആദ്യ സെമിയിൽ ഇന്ത്യ, B ഗ്രൂപ്പ് റണ്ണർ അപ്പ് ടീമിനെ നേരിടും. തിങ്കളാഴ്ചയാണ് ഫൈനൽ.

ഭൂട്ടാനിലെ തിംഫുവിൽ ചാംഗ്ലിമിതാങ് സ്റ്റേഡിയത്തിലാണ് മത്സരങ്ങൾ നടക്കുന്നത്.

✪✪✪

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ, സ്വച്ഛതാ ഹി സേവ ക്യാമ്പയിനുമായി ബന്ധപ്പെട്ട് ശുചിത്വ മിഷന്റെ നേതൃത്വത്തിൽ കോഴിക്കോട് ജില്ലയിലെ KSRTC ഡിപ്പോകളിൽ മെഗാ ക്ലീനിങ്ങ് ഡ്രൈവ് സംഘടിപ്പിച്ചു. മാവൂർ റോഡ്, പാവങ്ങാട്, തൊട്ടിൽപ്പാലം, വടകര, താമരശ്ശേരി ഡിപ്പോകളിലാണ് ശുചീകരണ യജ്ഞം സംഘടിപ്പിച്ചത്.

✪✪✪

സംസ്ഥാനത്ത് ജനകീയ പങ്കാളിത്തത്തോടെ ശുദ്ധീകരിക്കുന്ന ആദ്യ പുഴയായ കണ്ണൂരിലെ കാനാമ്പുഴ പുനരുജ്ജീവന പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായതായി ജലസേചന വകുപ്പ് അറിയിച്ചു. ഹരിതകേരള മിഷന്റെ ഭാഗമായാണ് പദ്ധതി നടപ്പാക്കിയത്. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയുടെ അധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിലാണ് ഇക്കാര്യം അറിയിച്ചത്.

✪✪✪

കോഴിക്കോട് ജില്ലയിൽ മഞ്ഞപ്പിത്ത പ്രതിരോധത്തിൽ ജനങ്ങൾ അവബോധം പുലർത്തണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ പറഞ്ഞു. ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ മഞ്ഞപ്പിത്തം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കുടുംബാരോഗ്യ കേന്ദ്രത്തിന്റെയും ഗ്രാമപഞ്ചായത്തിന്റെയും നേതൃത്വത്തിൽ ഊർജ്ജിതമായ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ ഒരു സ്കൂളിലെ 310 പേർക്കാണ് ഇതിനകം മഞ്ഞപ്പിത്തം റിപ്പോർട്ട് ചെയ്തത്. 15 പേർ ആശുപത്രിയിൽ ചികിത്സയിലാണ്. പഞ്ചായത്തിലെ സ്കൂൾ വിദ്യാഭ്യാസ സമിതി ഇന്ന് യോഗം ചേരുമെന്ന് അധികൃതർ അറിയിച്ചു.

✪✪✪

ഇന്ന് ലോക ഫാർമസിസ്റ്റ് ദിനം. ഇന്റർനാഷണൽ ഫാർമസ്യൂട്ടിക്കൽ ഫെഡറേഷനാണ് ദിനം സംഘടിപ്പിക്കുന്നത്. എല്ലായിടത്തും ആരോഗ്യകരമായ ജനസമൂഹം കെട്ടിപ്പടുക്കുന്നതിൽ ഫാർമസിസ്റ്റുകൾ വഹിക്കുന്ന നിർണായക

പങ്ക് തിരിച്ചറിയാനാണ് ദിനാഘോഷം. 'ഫാർമസിസ്റ്റുകൾ - ആഗോള ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റുന്നു' എന്നതാണ് ഈ വർഷത്തെ ദിനാചരണ സന്ദേശം.

✪✪✪

ഗായിക P. സുശീലക്ക് കലാസാഹിത്യമേഖലകളിലെ സമഗ്രസംഭാവനക്ക് തമിഴ്നാട് ഗവൺമെന്റ് നൽകുന്ന കലൈഞ്ജർ പുരസ്കാരം. മുഖ്യമന്ത്രി M.K. സ്റ്റാലിൻ തിങ്കളാഴ്ച പുരസ്കാരം സമ്മാനിക്കും.

✪✪✪

കോഴിക്കോട് പേരാമ്പ്രയിൽ അനധികൃതമായി കൈവശം വെച്ച 3 കോടി 22 ലക്ഷം രൂപ റവന്യൂ ഇന്റലിജൻസ് ഡയരക്ടറേറ്റ് പിടി കൂടി. മഹാരാഷ്ട്ര സ്വദേശികളായ 2 പേരിൽ നിന്നാണ് പണം പിടികൂടിയത്. ഇവരെ ചോദ്യം ചെയ്തു പണം തുടർ നടപടികൾക്കായി ആദായനികുതി വകുപ്പിന് കൈമാറുമെന്ന് അധികൃതർ പറഞ്ഞു.

✪✪✪

മൂന്നാർ നല്ലതണ്ണികല്ലാറിൽ തൊഴിലാളി സ്ത്രീയെ കാട്ടാന ചവിട്ടി പരിക്കേൽപ്പിച്ചു. മൂന്നാർ MG കോളനിയിലെ അഴകമ്മക്കാണ് പരിക്കേറ്റത്. ഗുരുതരമായി പരിക്കേറ്റ ഇവരെ മൂന്നാർ ടാറ്റാ ടീ ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രാവിലെ 8 മണിയോടെയാണ് സംഭവം.

✪✪✪